# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**29.01.2019 ൽ മറുപടിക്ക്**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 527

ഖനനാനുമതി സംബന്ധിച്ച ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സണ്ണി ജോസഫ് | ശ്രീ. ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) പാറ ഖനനത്തിന് അനുമതി നൽകേണ്ട ജില്ലാതല വിദഗ്ധ സമിതികൾ പിരിച്ചുവിട്ടുകൊണ്ട് ദേശീയ ഹരിത ട്രൈബൂണൽ ഉത്തരവിറക്കിയിട്ടുണ്ടോ; | (എ) 15.01.2016 തിയതിയിലെ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷനിലെ നിർദേശാനുസരണമാണ് 5 ഹെക്ടറിൽ കുറവുള്ള ഭൂമിയിൽ ഖനനം നടത്തുന്നതിന് പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനായുള്ള അപേക്ഷകൾ പരിഗണിക്കുന്നതിന് ജില്ലാ തല പരിസ്ഥിതി ആഘാത നിർണ്ണയ സമിതിയും (DEIAA) ജില്ലാ തല വിദഗ്ധ അപഗ്രഥന സമിതിയും (DEAC) രൂപീകരിച്ചിരുന്നത്. എന്നാൽ 11.12.2018 തിയതിയിലെ ഉത്തരവിലൂടെ ബഹു. ദേശീയ ഹരിത ട്രൈബൂണൽ, കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുതുക്കിയ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നത് വരെ, 15.01.2016 തിയതിയിലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള പ്രവർത്തികൾ തടഞ്ഞിരിക്കുകയാണ്. |
| (ബി) എങ്കിൽ പ്രസ്തുത ഉത്തരവ് സംസ്ഥാനത്തെ പ്രളയാനന്തര പുനർനിർമ്മാണത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (ബി) പാരിസ്ഥിതികാനുമതിക്കായുള്ള എല്ലാ അപേക്ഷകളും സംസ്ഥാനതല പരിസ്ഥിതി ആഘാത നിർണയ സമിതി പരിഗണിക്കേണ്ടുന്ന സാഹചര്യമുള്ളപ്പോൾ അനുമതിലഭിക്കുന്നതിനു കാലതാമസം ഉണ്ടാകുവാൻ സാധ്യത ഉണ്ട്. തന്മൂലം പുതുതായി ലൈസൻസ് ലഭിക്കുന്ന ക്വാറികളുടെ എണ്ണത്തിൽ കുറവ് സംഭവിക്കുവാനും നിർമാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാകാനും സാധ്യത ഉണ്ട്. |
| (സി) ഈ ഉത്തരവോടെ പാറഖനന അനുമതിക്കായി സംസ്ഥാനതല അതോറിറ്റിയെ മാത്രം സമീപിക്കേണ്ട സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) & (ഡി) ഉണ്ട്. 11.12.2018 തീയതിയിലെ ബഹു. ദേശീയ ഹരിത ട്രൈബൂണലിന്റെ ഉത്തരവ് പ്രകാരം ജില്ലാതല അതോറിറ്റികൾക്ക് പ്രവർത്തിക്കാനാകാത്ത സാഹചര്യത്തിൽ, ജില്ലകളിൽ നിന്ന് ലഭിക്കുന്ന അപേക്ഷകൾ സംസ്ഥാനതല |

| | |
|---|---|
| (ഡി) നിലവിൽ ജില്ലാ തലത്തിൽ തീരുമാനം ആകാത്ത ന്യൂറുകണക്കിന് അപേക്ഷകൾ സംസ്ഥാനതല പരിസ്ഥിതി ആഘാത നിർണ്ണയസമിതി മുമ്പാകെ വരുമ്പോൾ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വിശദമാക്കാമോ? | പരിസ്ഥിതി ആഘാത നിർണ്ണയസമിതി സ്വീകരിച്ച് മുൻഗണനാ ക്രമത്തിൽ കമ്മിറ്റിയിൽ വച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ